കെ.എസ്.ഡി.പി. യുടെ പ്രവർത്തനം

138 (880)ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മൊയീൻ കുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഡി.പി. ഡയറക്ടർ ബോർഡിൽനിന്ന് ഏതെങ്കിലും ഔദ്യോഗിക അംഗം രാജിവച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരെല്ലാം; ഏത് തീയതികളിലാണ് രാജിവച്ചത് എന്ന് വെളിപ്പെടുത്തുമോ;

(സി) രാജിവയ്ക്കാൻ ഉണ്ടായ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) കെ.എസ്.ഡി.പി. ഡയറക്ടർ ബോർഡിൽ നിന്ന് രാജിവച്ചു കൊണ്ടുള്ള കത്തുകൾ 24.12.99-ന് ഡ്രഗ്സ് കൺട്രോളറും 8.2.2000-ന് ആരോഗ്യ വകുപ്പ് ഡയറക്ടറും സർക്കാരിന് അംഗീകാരത്തിനായി നല്കിയിട്ടുണ്ട്.

(സി) രാജിയ്ക്കിടയായ സാഹചര്യം പരിശോധിക്കുന്നതാണ്.

പണിപൂർത്തീകരിച്ച സർക്കാർ ആശുപത്രി കെട്ടിടങ്ങൾ

139(881)ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വിവിധ സർക്കാർ ആശുപത്രികൾക്കുവേണ്ടി നിരവധി കെട്ടിടങ്ങളുടെ പണി പൂർത്തിയായിട്ടുണ്ടെങ്കിലും ആവശ്യമായ സ്റ്റാഫിന്റെ അഭാവംമൂലം പ്രവർത്തിക്കുവാൻ കഴിയാത്ത വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവയ്ക്കായി എത്ര ആശുപത്രി കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്;

(ഡി) ഇതിൽ പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ എത്ര കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്;

(ഇ) ജില്ലാ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് ഫണ്ട്, എം.പി. ഫണ്ട് എന്നിവ ഉപയോഗിച്ച് എത്ര കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്;

(എഫ്) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്റ്റാഫിന്റെ അഭാവം പരിഹരിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഈ ആശുപത്രികൾ പ്രവർത്തനസജ്ജമാക്കാൻ ഗവണ്മെന്റ് നടപടികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly